പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 547

27.10.2016 -ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ അവകാശങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൽദോ എബ്രഹാം<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ.സുനിൽ കുമാർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്ര ജലപരിഷ്കരണ നിയമം നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മത്സ്യബന്ധനാവകാശം, വള്ളവും വലയും ഉൾപ്പെടെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥത, മത്സ്യ ആദ്യ വിപണനാവകാശം, ജല സമുദ്ര ഉൽപ്പന്ന സ്രോതസ്സുകളുടെ അവകാശം, അവയുടെ വിനിയോഗം എന്നിവയ്ക്കൊപ്പം സംസ്ഥാനത്തിന്റെ തീരദേശ മത്സ്യബന്ധന മേഖലയുടെ പരിപാലനത്തിനുള്ള സമഗ്രമായൊരു നിയമം രൂപപ്പെടുത്തുക എന്നതാണ് ജലപരിഷ്കരണ നിയമത്തിന്റെ ഉദ്ദേശ്യം. |
| (ബി) | മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമസ്ഥാവകാശം, കടലിലേക്കുള്ള പ്രവേശന അധികാരം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ; | (ബി) | മത്സ്യബന്ധന സാമഗ്രികളുടെ ഉടമസ്ഥാവകാശം, കടലിലേയ്ക്കുള്ള പ്രവേശനാവകാശവും സമുദ്ര വിഭവങ്ങൾ പിടിച്ചെടുക്കുന്നതിനുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്ക് പരിമിതപ്പെടുത്തുന്നതിന് സമഗ്രമായ ഒരു അക്വേറിയൻ റീഫോംസ് ആക്ട് പ്രാബല്യത്തിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.<br>മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വിൽപ്പനയ്ക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്കു മാത്രം ഉറപ്പു വരുത്തുന്നതിനും ടെറിറ്റോറിയൽ സമുദ്രത്തിലെ മത്സ്യസമ്പത്തിന്റെ പൂർണ്ണ അവകാശവും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തതനുസരിച്ച് ഫിഷറീസ് മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളുമായും മത്സ്യത്തൊഴിലാളികളുമായി കമ്മിറ്റി സിറ്റിംഗ് നടത്തുകയും അതു പ്രകാരം അക്വേറിയൻ ബില്ലിന്റെ കരട് പരിശോധിച്ചുവരുന്നു. |
| (സി) | പിടിച്ചുകൊണ്ടുവരുന്ന പച്ചമത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുമോയെന്ന് അറിയിക്കുമോ? | (സി) | പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാൻ കഴിയുന്ന നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ